## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1797

17.3.2015 ന് മറുപടിയ്ക്ക്

### ജൂനിയർ ഇൻസ്പെക്ടർ പ്ലംബർ തസ്തിക നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ : | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) വ്യവസായ പരിശീലന വകുപ്പിലേയ്ക്ക് ജൂനിയർ ഇൻസ്പെക്ടർ പ്ലംബർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി കാറ്റഗറി നമ്പർ 457/2008 ആയി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ എന്നാണ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നത് ; | (എ) ജൂനിയർ ഇൻസ്ട്രക്ടർ പ്ലംബർ തസ്തികയിലേയ്ക്ക് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 30.12.2009 ലാണ് വിജ്ഞാപനം പുറപ്പെടുവിച്ചത്. |
| (ബി) 2009 ൽ നോട്ടിഫിക്കേഷൻ വന്ന് 2011 ൽ പരീക്ഷ നടത്തിയ ഈ തസ്തികയിൽ പരീക്ഷാഫലം പുറപ്പെടുവിക്കുന്നത് വൈകാൻ ഇടയായ സാഹചര്യം വിശദീകരിക്കാമോ ; | (ബി) ടി തസ്തികയുടെ തെരഞ്ഞെടുപ്പിന് സിവിൽ/ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ശാഖയിൽ നേടിയ ഡിപ്ലോമ/എഞ്ചിനീയറിംഗ് ഡിഗ്രി യോഗ്യതയുടെ സ്വീകാര്യത സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ നൽകിയ നിവേദനങ്ങൾ പരിഗണനയിലായിരിക്കുന്നതിനാലും യോഗ്യത സംബന്ധിച്ച വ്യക്തത ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിക്കുന്നതിന് താമസം നേരിട്ടതുമാണ് കാരണം. |
| (സി) അടിയന്തിരമായി ഫലം പുറപ്പെടുവിച്ച് ഷോർട്ട് ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) ടി തസ്തികയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ